തസ്തികകൾ നിർത്തലാക്കിക്കൊണ്ടും പോസ്റ്റ് അപ്ഗ്രഡേഷൻ നിയന്ത്രിച്ചുകൊണ്ടും പുതിയ വാഹനങ്ങൾ വാങ്ങുന്നതു നിയന്ത്രിച്ചുകൊണ്ടും ഓരോ വകുപ്പുകളിലേയും അധിക വാഹനങ്ങൾ സറണ്ടർ ചെയ്യുവാൻ ആവശ്യപ്പെട്ടുകൊണ്ടും മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും വിമാനയാത്ര/വിദേശയാത്ര നിയന്ത്രിച്ചുകൊണ്ടും സെക്രട്ടറിയറ്റ് ഫോൺ/ടെലിഫോൺ ഉപയോഗം മുതലായവ നിയന്ത്രിച്ചുകൊണ്ടും വ്യയനിയന്ത്രണ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കണക്കാക്കിയിട്ടില്ല.

(സി) ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധനയിൽ ക്രമക്കേടുകളോ, സർക്കാരിന് നഷ്ടം വരുത്തിയതായ കാര്യങ്ങളോ കണ്ടെത്തിയാൽ ഉത്തരവാദികളായ വർക്കെതിരെ യുക്തമായ നടപടികൾ കൈക്കൊള്ളുവാൻ ധനകാര്യ ഇൻസ്പെക്ഷൻ വിങ്ങ് ബന്ധപ്പെട്ട ഭരണവകുപ്പിനോട് ശുപാർശ ചെയ്യുകയാണ് പതിവ്. റിപ്പോർട്ടിന്മേൽ നടപടികൾ കൈക്കൊള്ളേണ്ടത് ഭരണവകുപ്പുകളാണ്. ഭരണവകുപ്പ് കൈക്കൊള്ളുന്ന നടപടികളുടെ വിവരങ്ങൾ ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് സമയാസമയങ്ങളിൽ അവലോകനം നടത്താറുണ്ട്.

ബഡ്ജറ്റിൽ നീക്കിവച്ച തുകയും ചെലവഴിച്ച തുകയും

4 [182] *ഡോ: തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-02, 2002-03, 2003-04, 2004-05 എന്നീ വർഷങ്ങളിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ഓരോ വകുപ്പിലും നീക്കിവയ്ക്കപ്പെട്ട തുക എത്രയെന്നും ചെലവഴിച്ച തുക എത്ര വീതമെന്നും വെളിപ്പെടുത്തുന്ന സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ കേന്ദ്രവിഹിതമായി ലഭിച്ച തുക എത്ര വീതമാണ്;

(സി) പ്രസ്തുത വർഷങ്ങളിൽ ഓരോ വകുപ്പിലും വിഭവസമാഹരണ വിഷയം എത്ര വീതമായിരുന്നു? എത്ര സമാഹരിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വകുപ്പ് അടിസ്ഥാനത്തിലുള്ള തരംതിരിവിലല്ല ബഡ്ജറ്റിൽ തുക വകകൊള്ളിക്കുന്നത്. പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ള കണക്കിലാണ് തുക വകകൊള്ളിക്കുന്നത്. 2001-02, 2002-03, 2003-04, 2004-05 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം വിവിധ വകുപ്പുകൾക്കായി യഥാക്രമം 13944.73, 14741.57, 16081.58, 19682.41 കോടി രൂപ വീതം നീക്കിവച്ചിരുന്നു. മേൽപ്പറഞ്ഞ വർഷങ്ങളിൽ യഥാക്രമം 12381.15, 15704.72, 17427.32, 18043.90 കോടി രൂപ വീതമാണ് ചെലവഴിച്ചിട്ടുള്ളത്.

(2004-05-ലേത് താൽക്കാലിക കണക്കുകൾ പ്രകാരമാണ്)

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വർഷങ്ങളിൽ കേന്ദ്രവിഹിതമായി ലഭിച്ച തുക താഴെപ്പറയും പ്രകാരമാണ്.

വർഷം	ലഭിച്ച തുക (രൂപ കോടിയിൽ)
2001-02	3370.29
2002-03	3846.45
2003-04	3887.78
2004-05	5199.33 (താൽക്കാലിക കണക്കുകൾ)

(സി) വിശദവിവരം അടങ്ങിയ സ്റ്റേറ്റുമെന്റ് ഇതോടൊപ്പം വയ്ക്കുന്നു.

2004-05 സാമ്പത്തിക വർഷത്തിലെ റവന്യൂ വരുമാനം

5 [183] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-05 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന മൊത്തം റവന്യൂ വരുമാനമെത്രയായിരുന്നു;

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ യഥാർത്ഥ-വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) റവന്യൂ വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2004-05 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന മൊത്തം റവന്യൂ വരുമാനം 14,263.96 കോടി രൂപയായിരുന്നു.

(ബി) താൽക്കാലിക കണക്കുകളനുസരിച്ച് 2004-05 വർഷത്തിലെ റവന്യൂ വരുമാനം 13,488.82 കോടി രൂപയാണ്.

(സി) താൽക്കാലിക കണക്കുകൾ പ്രകാരം റവന്യൂ വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദമായ കണക്കുകൾ ലഭിച്ച ശേഷമേ കുറവിനുള്ള കാരണം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[6-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത 4 (182)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

2001-2002 മുതൽ 2004-2005 വരെയുള്ള വിഭവസമാഹരണം

(രൂപ കോടിയിൽ)

	2001-2001		2002-2003		2003-2004		2004-2005	
	ബഡ്ജറ്റ് എസ്റ്റിമേറ്റ്	അക്കൗണ്ട്സ്	ബഡ്ജറ്റ് എസ്റ്റിമേറ്റ്	അക്കൗണ്ട്സ്	ബഡ്ജറ്റ് എസ്റ്റിമേറ്റ്	അക്കൗണ്ട്സ്	ബഡ്ജറ്റ് എസ്റ്റിമേറ്റ്	അക്കൗണ്ട്സ്
വില്പന നികുതി	5568.41	4440.85	5600.00	5343.15	6416.00	5991.43	7123.00	6701.04
എക്സൈസ്	744.22	541.46	748.00	863.07	800.00	655.91	750.00	746.45
വാഹന നികുതികൾ	491.17	452.18	540.81	513.20	580.00	587.77	620.00	610.48
മുദ്രപ്പത്രങ്ങളും രജിസ്ട്രേഷൻ ഫീസും	466.11	394.28	501.83	486.53	600.00	549.81	868.37	257.79
മൂ നികുതി	45.00	34.93	49.45	38.40	47.47	40.59	43.29	43.85
വനം	150.00	113.70	181.90	149.57	220.00	187.18	250.00	199.69
ലോട്ടറിസ്	156.00	121.59	171.00	128.09	140.00	133.68	165.54	158.66
മറ്റുള്ളവ	561.82	367.81	611.32	861.78	646.32	749.39	892.44	1055.65
ആകെ	8184.73	6466.80	8404.31	7983.79	9451.79	8895.76	10710.84	9771.61

2004-2005-ലെ അക്കൗണ്ട്സ് അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം